**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 427** — **11-06-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കായുള്ള മെഡിസെപ്പ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഒരു ജീവനക്കാരനിൽ നിന്നും പ്രതി മാസം 500 രൂപ നിരക്കിൽ പ്രതിവർഷം വാങ്ങുന്ന 6000 രൂപയിൽ നിന്ന് സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്ന തുക എത്രയാണ്; | (എ) | **ജീവനക്കാരിൽ/പെൻഷൻകാരിൽ നിന്നും പ്രതിമാസം 500/- രൂപയാണ് (GST ഉൾപ്പെടെ) ഈടാക്കുന്നത്. ആയതിന്റെ പ്രീമിയം ഇനത്തിലെ 472/- രൂപ കമ്പനിക്ക് നൽകുകയും ബാക്കി 28/- രൂപ അധിക പരിരക്ഷ ലഭിക്കുന്ന catastrophic അസുഖങ്ങൾക്കുള്ള കോർപ്പസ് ഫണ്ടിലേയ്ക്ക് മാറ്റി വയ്ക്കുകയും 08.09.2023 ലെ സ.ഉ.(ആർ.റ്റി)നം. 6416/2023/ധന -യിലെ കോർപ്പസ് ഫണ്ട് ഉപയോഗവുമായി ബന്ധപ്പെട്ട SOP(Standard Operating Procedure) -യിൽ നിർദ്ദേശിച്ചിട്ടുള്ളത് അനുസരിച്ച് ഫണ്ട് കമ്പനിയ്ക്ക് കൈമാറുകയും ചെയ്യുന്നു .** |
| (ബി) | മെഡിസെപ്പുമായി ബന്ധപ്പെട്ട് സർക്കാർ ഏതെങ്കിലും തരത്തിൽ തുക ചെലവഴിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ നാളിതുവരെയുള്ള കണക്കുകൾ വ്യക്തമാക്കുമോ; | (ബി) | പ്രീമിയം തുക ഇൻഷ്വറൻസ് കമ്പനിയ്ക്ക് സർക്കാർ മുൻകൂറായി നൽകുകയും പിന്നീട് ജീവനക്കാരുടെയും പെൻഷൻകാരുടെയും കയ്യിൽ നിന്നും മാസം തോറും ഈടാക്കി ക്രമീകരിക്കുകയുമാണ് ചെയ്യുന്നത്. |
| (സി) | മെഡിസെപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർ ഏതെല്ലാം തസ്തികയിലെന്നും ഇതിൽ കരാർ നിയമനം, ഡെപ്യൂട്ടേഷൻ നിയമനം, ഇവർക്ക് നൽകി വരുന്ന ശമ്പളം ഇവ എത്രയെന്നും വിശദമാക്കുമോ; | (സി) | ഉണ്ട്. മെഡിസെപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി<br>ആറ് (6) ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.<br><br>**1) മെഡിക്കൽ ഓഫീസർ-60,000/- രൂപ**<br><br>**2) ഇൻഷ്വറൻസ് എക്സ്പേർട്ട് - 60,000/- രൂപ**<br><br>**3) മാനേജർ (മോണിറ്ററിംഗ് & ഇവാലുവേഷൻ) - 60,000/- രൂപ**<br><br>**4) അസ്സിസന്റ് മാനേജർ (മോണിറ്ററിംഗ് & ഇവാലുവേഷൻ) - 40,000/- രൂപ**<br><br>**5) അസ്സിസ്റ്റന്റ് മാനേജർ ( അക്കൗണ്ട്സ്) - 30,000/- രൂപ** |

| | | | |
|---|---|---|---|
| | | | **6) ഡാറ്റ എൻട്രി ഓപറേറ്റർ - 19,000/- രൂപ** |
| (ഡി) | ഒരു കുടുംബത്തിലെ ഭാര്യയും ഭർത്താവും സർക്കാർ ജീവനക്കാരാവുകയും രണ്ട് പേരുടെ ശമ്പളത്തിൽ നിന്നും മെഡിസെപ്പ് പ്രീമിയം പിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിൽ ഏതെങ്കിലും ഒരാൾക്ക് ഓപ്ഷണൽ ആക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (ഡി) | ഉണ്ട്. ഒരു കുടുംബത്തിലെ ഭാര്യയും ഭർത്താവും സർക്കാർ ജീവനക്കാരാവുകയും രണ്ട് പേരുടെ ശമ്പളത്തിൽ നിന്നും മെഡിസെപ്പ് പ്രീമിയം പിടിക്കുകയും ചെയ്യുന്നതിനാൽ രണ്ട് പേർക്കും പ്രത്യേകം പ്രത്യേകം 3 ലക്ഷം രൂപ വീതം 6 ലക്ഷം രൂപയുടെ ഇൻഷുറൻസ് കവറേജ് ലഭിക്കുന്നതാണ്. സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവർക്കും അവരുടെ ആശ്രിതർക്കും നിർബന്ധിതാടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതിയായതിനാൽ ഗുണഭോക്താക്കളിൽ ഒരു വിഭാഗത്തിനും ഓപ്ഷൻ അനുവദിക്കാനാവില്ല. |
| (ഇ) | മെഡിസെപ്പിൽ സംസ്ഥാനത്തെ പ്രധാന സ്വകാര്യ ആശുപത്രികളിലെ പല ഡിപ്പാർട്ട്മെന്റുകളിലും ചികിത്സക്ക് സൗകര്യം ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിലുള്ള മെഡിസെപ്പ് പ്രീമിയം പരിഷ്കരിച്ച് എല്ലാ വിഭാഗം ചികിൽസകളും ഏത് ആശുപത്രികളിലും ക്യാഷ് ലെസ്സായി ലഭിക്കുന്ന തരത്തിൽ സമഗ്ര ഇൻഷുറൻസ് പദ്ധതിയായി മെഡിസെപ്പിനെ മാറ്റുവാൻ തയ്യാറാകുമോ? | (ഇ) | ഉണ്ട്. സംസ്ഥാനത്തെ എല്ലാ പ്രധാന സ്വകാര്യ ആശുപത്രികളെയും അവയിലെ എല്ലാ ചികിത്സാ വിഭാഗങ്ങളെയും മെഡിസെപ്പിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഇൻഷുറൻസ് കമ്പനിയും ആശുപത്രി അധികൃതരുമായി വിവിധ അവലോകനയോഗങ്ങളിൽ ചർച്ചകൾ നടത്തുകയും പ്രസ്തുത ആശുപത്രികളെയും അവയിലെ എല്ലാ ചികിത്സാവിഭാഗങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഇൻഷുറൻസ് കമ്പനിക്ക് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ